വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ഉണ്ട്.

(ബി) പാലക്കാട് ലോക്കൽ ലൈബ്രറി അതോറിറ്റിയിലെ ജീവനക്കാർക്ക് കഴിഞ്ഞ ഒക്ടോബർ മാസം മുതൽ ശമ്പളം കിട്ടിയിട്ടില്ലെന്ന് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്. ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ ഫണ്ടിൽ നിന്നാണ് ശമ്പളവും മറ്റും ജീവനക്കാർക്ക് കൊടുക്കുന്നത്. ഫണ്ടിൽ പണമില്ലാത്തതു കൊണ്ടാണ് ശമ്പളം കൊടുക്കാതിരിക്കുന്നത് എന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇതിലേയ്ക്ക് ഒരു സ്പെഷ്യൽ ഗ്രാൻറ് കൊടുക്കുന്ന കാര്യം പരിഗണിച്ചു വരുന്നു.

കേരള യൂണിവേഴ്സിറ്റിയുടെ വ്യാജ സർട്ടിഫിക്കറ്റുകൾ

*457 [481] ശ്രീ. വി. ഈച്ചരൻ:

,, എൻ. ഐ. ദേവസ്സിക്കുട്ടി:

,, എം. വി. രാജൻ:

ഡോക്ടർ കെ. ജി. അടിയോടി:

ശ്രീ. റ്റി. എച്ച്. മുസ്തഫ:

,, സേവ്യർ അറയ്ക്കൽ:

,, എ. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയുടെ വ്യാജസർട്ടിഫിക്കറ്റുകൾ ബോംബെയിൽ നിന്നും കണ്ടെടുത്തതായി ആക്ഷേപമുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണങ്ങൾ നടത്തുകയുണ്ടായോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ):

(എ) ഉണ്ട്.

(ബി) ഇതിനെപ്പറ്റി സമഗ്രമായ അന്വേഷണം നടത്തുന്നതിന് യൂണിവേഴ്സിറ്റി ക്രൈം ബ്രാഞ്ചിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള ഡിഗ്രി വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുന്നതിനു പ്രോ വൈസ് ചാൻസലർ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly